# HOME ISOLATION INSTRUCTIONS

കൊറോണ ബാധിതമായിട്ടുള്ള പ്രദേശങ്ങളിൽ നിന്ന് വരുന്നവരിൽ കൊറോണ വൈറസ് ബാധ ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. ആയതിനാൽ അങ്ങനെ ഉള്ള പ്രദേശങ്ങളിൽ നിന്ന് വരുന്നവർ 28 ദിവസം വീടുകളിൽ തന്നെ കഴിച്ചു കൂട്ടി തങ്ങൾക്കും മറ്റുള്ളവർക്കും അണുബാധ ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുക.

വീടിനുള്ളിൽ കഴിയുമ്പോൾ പ്രത്യേക മുറിയും, പ്രത്യേക ടോയ്‌ലറ്റും ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുടുംബാംഗങ്ങൾ ആയി ഇടപെടുമ്പോൾ ഒരു മീറ്റർ അകലം എങ്കിലും പാലിക്കുവാൻ ശ്രദ്ധിക്കണം. വീട്ടിൽ പൊതുപരിപാടികൾ സംഘടിപ്പിക്കരുത്.പൊതുപരിപാടികളിൽ പങ്കെടുക്കുകയും ചെയ്യരുത്.

സന്ദർശകരെ ഒഴിവാക്കണം

ചുമക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തൂവാല/തുണി/മാസ്ക് ഉപയോഗിച്ച് മറയ്ക്കണം. കൈ സോപ്പ്/അണുനാശിനി ഉപയോഗിച്ച് ഇടക്കിടക്ക് കഴുകണം. നല്ലവണ്ണം വെള്ളം കുടിക്കണം.തങ്ങൾ വീട്ടിൽ ഉള്ള വിവരം ജില്ലാ കൺട്രോൾ റൂമിൽ വിളിച്ചു അറിയിക്കണം. പനി/ചുമ/തൊണ്ടവേദന/ശ്വാസംമുട്ട് തുടങ്ങിയ ഏതെങ്കിലും പ്രയാസം ഉണ്ടായാൽ കൺട്രോൾ റൂമിൽ വിളിച്ചു വൈദ്യസഹായം ആവശ്യപ്പെടണം.

ഒരിക്കലും സ്വമേധയാ ആശുപത്രിയിൽ വരരുത്. കൺട്രോൾ റൂം ആയി ബന്ധപ്പെട്ടു അവർ നിയോഗിക്കുന്ന വാഹനത്തിൽ ആശുപത്രിയിൽ എത്തണം.

ഒരു തരത്തിലും ഭയപ്പെടേണ്ട കാര്യം ഇല്ല......

ഇത് നമുക്ക് വേണ്ടി...നമ്മുടെ കുടുംബത്തിന്റെ രക്ഷക്ക് വേണ്ടി, നമ്മുടെ രാജ്യത്തിന്റെ സുരക്ഷക്കുവേണ്ടി....നമുക്ക് ഒന്നായി നീങ്ങാം....

**കൺട്രോൾ റൂം നമ്പറുകൾ**

1.

2.

3.